പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - **596** **28.07. 2015-** ലെ മറുപടി

**സ്വപ്ന സാഫല്യം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)നോർക്ക റൂട്ട്സ് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>സി)ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | ബിയും സിയും)തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് നാട്ടിൽ തിരിച്ചെത്തുവാൻ സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് സ്വപ്നസാഫല്യം. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ പ്രവാസി മലയാളികൾ ജയിൽശിക്ഷ അനുഭവിച്ചത് അവരുടേതായ കാരണങ്ങൾകൊണ്ടുണ്ടായ കുറ്റകൃത്യങ്ങൾ ആയിരിക്കുവാൻ പാടുള്ളതല്ല. ഉംറ / ഹജ്ജ് ടൂറിസ്റ്റ് വിസയിൽ വിദേശത്തുപോയി എന്തെങ്കിലും കാരണത്താൽ ജയിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്നവരും ടി പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരല്ല. സൗദി അറേബ്യയിൽ I.T.L ഗ്രൂപ്പുമായി സഹകരിച്ച് ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ എല്ലാ ഗൾഫ് രാജ്യങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 94 പ്രവാസികളെ ടിക്കറ്റ് നൽകി നാട്ടിലെത്തിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നടപ്പുവർഷം 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ